**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3951** **17-03-2025 - ൽ മറുപടിയ്ക്ക്**

**ശ്രുതിതരംഗം പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ശ്രവണവൈകല്യം നേരിടുന്ന 5 വയസിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കാനായി നടപ്പിലാക്കുന്ന ശ്രുതിതരംഗം പദ്ധതിയിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനു മുൻപായി അടിയന്തര സാഹചര്യങ്ങളിൽ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തേണ്ടിവരുന്ന കുട്ടികളെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാതെ തന്നെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എ) | ശ്രുതിതരംഗം പദ്ധതി പ്രകാരം 'സർജറി' വിഭാഗത്തിൽ ലഭിക്കുന്ന 'വൈദ്യശാസ്ത്രപരമായി' അടിയന്തിര പ്രാധാന്യമുള്ള അപേക്ഷകൾ (ഉദാ : മെനിഞ്ചൈറ്റിസ് ബാധയുടെ അനന്തര ഫലമായി ഉണ്ടാകുന്ന ഗുരുതരമായ കേൾവി തകരാറുകൾ) ഇതിനോടകം തന്നെ ഈ രീതി അവലംബിച്ച് തീർപ്പാക്കി വരുന്നുണ്ട്. ഇതിനായി പദ്ധതിയുടെ സാങ്കേതിക സമിതിയുടെ പരിശോധനകൾ ദ്രുതഗതിയിൽ പൂർത്തീകരിക്കുകയും യോഗ്യരായവർക്ക് അംഗീകാരവും ആശുപത്രി തലത്തിൽ നിന്നുമുള്ള സേവനങ്ങളും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ